## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. *266

18 .08.2017-ൽ
മറുപടിയ്ക്ക്

## റവന്യൂ വകുപ്പിന്റെ പൗരാവകാശ രേഖ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.ജെ.ജോസഫ്**<br>**,, മോൻസ് ജോസഫ്** | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂവകുപ്പ് പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ആയതിന്റെ കോപ്പി എല്ലാ വില്ലേജ് ഓഫീസുകളിലും എത്തിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പ് പൗരാവകാശരേഖ പ്രസിദ്ധീകരിച്ചില്ല. സ. ഉ. (സാധാ.)-4611/2010/റവ., തീയതി, 11/10/2010 നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് റവന്യൂ വകുപ്പിൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുള്ളത്. |
| (ബി) വില്ലേജ് ഓഫീസുകളിൽ ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന കരം ഒടുക്കൽ, പോക്കുവരവ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ കംപ്യൂട്ടറൈസ്ഡ് സംവിധാനത്തിലാക്കുന്നത് സംബന്ധിച്ച നയം വ്യക്തമാക്കുമോ; | (ബി) കരം ഒടുക്കൽ, പോക്കുവരവ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഇപ്പോൾതന്നെ കംമ്പ്യൂട്ടറൈസ്ഡ് സംവിധാനത്തിലൂടെ ഓൺലൈനായി നൽകി വരുന്നുണ്ട്. സംസ്ഥാനത്തെ 1243 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവും ഓൺലൈനായി കരം ഒടുക്കുന്നതിനുള്ള സൗകര്യവും നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലും ഓൺലൈനായി വരുമാനസർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) വില്ലേജ് രേഖകൾ കംപ്യൂട്ടറൈസ് ചെയ്യുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്തെ ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ (ബി. റ്റി. ആർ) തണ്ടപ്പേർ രജിസ്റ്ററുകൾ (റ്റി. പി. ആർ) എന്നിവ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് |

...2)

ആകെയുള്ള 1664 വില്ലേജുകളിൽ 1243 വില്ലേജുകളിൽ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. കൂടാതെ, പ്രസ്തുത വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ്, ഇ-പെയ്മെന്റ് എന്നിവ ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞിട്ടുണ്ട്. വില്ലേജ് റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യു-ന്നതിനുള്ള പ്രവർത്തനങ്ങൾ ബി. റ്റി. ആർ ഡിജിറ്റൈസേഷൻ, റ്റി. പി. ആർ ഡിജിറ്റൈസേഷൻ എന്നിങ്ങനെ ഘട്ടം ഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. ബി. റ്റി. ആർ. ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയ 1243 വില്ലേജുകളിൽ 450 എണ്ണത്തിലെ തണ്ടപ്പേർ രജിസ്റ്ററുകളും ഇതിനോടകം ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ